# QUOTATION FORM

**For quoting the rate for operating Restaurant at Kottappuram water front, KWF Shop No. -2**

| **Sl No** | | **Details** |
|---|---|---|
| **1** | Name and address of the Bidder with Telephone No: | |
| **2** | Business proposed to be done: | |
| **3** | Experience in the field of similar business: | |
| **4** | Details of EMD paid (Amount, DD No, Date) | |
| **5** | Rent quoted - Excluding GST ( per month): | |

## DECLARATION

I agreed to abide by the terms and conditions of Muziris Projects Limited if my quotation is accepted. The above facts are true to the best of my knowledge.

Place:

Date: Name:

Signature:

ഉള്ളടക്കം- നിബന്ധനകൾ

**നിബന്ധനകൾ:**

1. കടമുറിക്ക് അടിസ്ഥാന മാസവാടകയായി **12,000/-** (പന്ത്രണ്ടായിരം രൂപ മാത്രം) രൂപയിൽ നിജപ്പെടുത്തിയിരിക്കുന്നു.
2. കടമുറിക്കു 2,000/- രൂപയുടെ നിരതദ്രവ്യം '**മാനേജിങ് ഡയറക്ടർ, മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റഡ്** 'എന്ന പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ആയി ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. ഏറ്റവും കൂടുതൽ തുക **quote** ചെയ്യുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് കടമുറി അനുവദിക്കുന്നതും കരാർ ഉറപ്പിക്കുന്നതുമാണ്.
4. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു മുകളിൽ ' **Quotation for Restaurant at KWF Shop No.2**' എന്ന് നിർബന്ധമായും എഴുതിയിരിക്കണം.
5. ആദ്യത്തെ ഒരു വർഷത്തേക്ക് ആയിരിക്കും ക്വട്ടേഷൻ അനുവദിക്കുന്നത്. കരാറുകാരന്റെ പ്രവർത്തനം തൃപ്തികരമെങ്കിൽ മാത്രം അടുത്ത ഒരു വർഷത്തേക്ക് കരാർ നീട്ടി നല്കുന്നതാണ്.
6. വാടകക്കെടുത്ത മുറിയിൽ കഫ്റ്റീരിയ, റെസ്റ്റോറന്റ്, ഐസ്ക്രീംസ്റ്റാൾ, ബേക്കറി തുടങ്ങിയ ഭക്ഷണ അനുബന്ധമായ കാര്യങ്ങൾക്കു മാത്രമായി ഉപയോഗിക്കേണ്ടതാണ്.
7. പ്രസ്തുത കഫ്റ്റീരിയ/ഫുഡ്സ്റ്റാൾ മികച്ച രീതിയിൽ പ്രവർത്തിക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. ടൂറിസം കേന്ദ്രത്തിനു അനുയോജ്യമാവും വിധം കഫ്റ്റീരിയ/ഫുഡ്സ്റ്റാൾ അകവും പുറവും മോടി പിടിപ്പിക്കേണ്ടതും പൈതൃക ടൂറിസം പദ്ധതിയെ ഓർമിപ്പിക്കും വിധം തീമാറ്റിക് (പ്രമേയപരമായ) ആക്കേണ്ടതുമാണ്.
8. ഭക്ഷണ സംബന്ധമായ സ്ഥാപനം തുടങ്ങന്നതിനാൽ വാടകക്കാരൻ ***fssai*** പ്രകാരമുള്ള മുഴുവൻ മാനദണ്ഡങ്ങളും പാലിക്കേണ്ടതും സർക്കാർ, തദ്ദേശസ്ഥാപനങ്ങൾ, ഭക്ഷ്യവകുപ്പ്, ആരോഗ്യവകുപ്പ് തുടങ്ങി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽ നിന്നും എല്ലാ വിധ ലൈസൻസുകൾ, അംഗീകാരങ്ങൾ എന്നിവ നേടിയിരിക്കേണ്ടതും, അതിന്റെ പകർപ്പുകൾ **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റഡ്** ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.
9. പ്രതിമാസ വാടകയിൽ വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജുകൾ ഉൾപ്പെടുന്നില്ല.

10. **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡിന്റെ അനുമതിയില്ലാതെ വാടകക്കാരൻ മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.
11. വാടകക്കെടുത്ത മുറിയുമായി ബന്ധപ്പെട്ട് പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള എല്ലാ നിയമങ്ങളും വാടകക്കാരൻ പാലിക്കുകയും, വാടകക്കെടുത്ത മുറിയിൽ/വസ്തുവിൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.
12. **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡിന്റെ അനുമതിയില്ലാതെ വാടകക്കെടുത്ത മുറിയിൽ/വസ്തുവിൽ നിർമ്മാണം നടത്തുവാനോ, എന്തെങ്കിലും മാറ്റം വരുത്തുവാനോ പാടുള്ളതല്ല.
13. വാടകക്കാരൻ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഏതെങ്കിലും അറ്റകുറ്റപണിയ്ക്കോ, പൊതുവായ പരിശോധനയ്ക്കോ വേണ്ടി വാടകയ്ക്ക് എടുത്ത കെട്ടിടത്തിലേക്ക് പ്രവേശിക്കാൻ **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡിന്റെ ഉദ്യോഗസ്ഥർക്ക് അവകാശമുണ്ട്.
14. വാടകക്കാരൻ നിയമവിരുദ്ധമായ പ്രവർത്തങ്ങളിൽ ഏർപ്പെടുകയോ, കുറ്റകരമോ, അപകടകരമോ, സ്ഫോടനാത്മകരമോ ആയ വസ്തുക്കളൊന്നും കെട്ടിടത്തിലും, പരിസരങ്ങളിലും സൂക്ഷിക്കുവാൻ പാടുള്ളതല്ല.
15. പ്രസ്തുത കന്റീരിയ/ഫുഡ്സ്റ്റാൾ സർക്കാരിന്റെ " ഗ്രീൻ പ്രോട്ടോകോൾ" പ്രകാരം പ്രവർത്തിക്കേണ്ടതാണ്.
16. ക്വട്ടേഷൻ ലഭിച്ച ആൾ **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡുമായി 15 (പതിനഞ്ചു) ദിവസത്തിനുള്ളിൽ കരാർ വെച്ച് കടമുറി ഏറ്റെടുത്ത് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.
17. ഈ ടെൻഡറിന്റെ നിബന്ധനകൾക്ക് മാറ്റം വരുത്തുവാനും, കരാറുകാരനെ തീരുമാനിക്കുവാനുള്ള അധികാരവും **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡിന്റെ മാനേജിങ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.
18. ഈ ടെൻഡറിനോട് ബന്ധപ്പെട്ട എല്ലാ അന്തിമ തീരുമാനങ്ങളും **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡിന്റെ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.